# ശാന്തിവനം–2

പ്രീയ ഭാസിക്ക്

തമ്മിൽ കണ്ടിട്ട് വർഷങ്ങൾ പലതു കഴിഞ്ഞു. ബന്ധപ്പെടാനായി മറ്റു മാർഗ്ഗങ്ങളൊന്നുമില്ലാത്തതുകൊണ്ടു ഒരു കത്തെഴുതാൻ നിശ്ചയിച്ചു. നാട്ടിലേക്കു വരുന്ന ആരുടെയെങ്കിലും കയ്യിൽ കൊടുത്തയക്കാമെന്നു കരുതുന്നു. നേരിട്ടുള്ള ആശയവിനിമയമൊന്നുമില്ലങ്കിലും ഓർമ്മയിലൊരു നേരിയ തീനാളമായി ഭാസി എന്നോടൊപ്പമുണ്ട്. പക്ഷെ ആ തീനാളമെന്നിൽ പ്രകാശമാണോ ചൂടാണോ പകരുന്നതെന്നു തിരിച്ചറിയാൻ കഴിയാത്തത്ര നേർത്തുപോയിരിക്കുന്നു. ഞാൻ ഭാസിക്ക് എഴുതുമ്പോഴും അടുത്തിരുന്നു സംസാരിക്കുന്നപോലെയാണ് അനുഭവപ്പെടുന്നത്. എപ്പോഴും ഭാസിയോട് ഒരായിരം ചോദ്യങ്ങൾ ചോദിക്കാനാണെനിക്കിഷ്ടം. ഭാസിയുടെ ഉത്തരങ്ങളാണ് കൂടുതൽ ചിന്തിക്കാൻ എനിക്കു പ്രചോദനം നൽകുന്നത്. സ്വയം ശിക്ഷ അനുഭവിച്ചു സംതൃപ്തി നേടുമ്പോഴും അതിനും ഒരു കാലാവധിയുണ്ടാകണം. ഭൂമിയിലെ, ഏതു ശിക്ഷാവിധികൾക്കും കാലാവധിയുണ്ട്. ജീവപര്യന്തം ശിക്ഷയെന്നു വിധിക്കുമെങ്കിലും അതിനുപോലും ഒരു സമയപരിധിയുണ്ട്. ഭാസിയുടെ ചങ്ങലക്കും ഒരു കാലാവധി നിശ്ചയിക്കണം. ഈ ചങ്ങലയിൽ കിടക്കലിന് ഒരവസാനം വേണമെന്നു ഞാൻ അനേകം അവസരങ്ങളിൽ ഭാസിയോട് അഭ്യർത്ഥിച്ചുട്ടുണ്ടെങ്കിലും അതിനു ഫലമുണ്ടായിട്ടില്ല. ഭാസി ശരിയായ പാതയിലൂടെയല്ല സഞ്ചരിക്കുന്നതെന്നായിരുന്നു അന്ന് എന്റെ അഭിപ്രായം. എന്നാൽ ഇന്ന് ആ അഭിപ്രായത്തിന് അല്പം മാറ്റം സംഭവിച്ചിട്ടുണ്ട്. ജീവിതാനുഭവം കൊണ്ടു സംഭവിച്ചതാണ്. മനസ്സിലാക്കിക്കാൻ നമ്മൾ എത്ര ശ്രമിച്ചാലും ചില യാഥാർത്ഥ്യങ്ങൾ അറിഞ്ഞുകൊണ്ടു നിഷേധിക്കപ്പെടുമ്പോൾ നമ്മൾ നിസ്സഹായരായിത്തീരും. ആ നിസ്സഹായത നമ്മെ പലതിലേക്കും നയിക്കും. അതു വിപ്ലവത്തിലേക്കാകാം വിദ്ധ്വംസകപ്രവർത്തനത്തിലേക്കാകാം സന്യാസത്തിലേക്കാകാം. നമ്മുടെ നൈസർഗ്ഗികഗുണമനുസരിച്ച് നമ്മൾ പലതുമായിത്തീരും. ഒടുവിൽ ശക്തമായ കർമ്മശേഷിയില്ലെങ്കിൽ ഒരുതരം നിഷ്ക്രീയത്വം നമ്മെ ബാധിക്കും. അതിൽ ഒരുതരം നിഷ്ക്രീയത്വമാണ് ഭാസിയെ ബാധിച്ചിരിക്കുന്നത്. ആ നിഷ്ക്രീയത്വത്തിൽ നമ്മൾ ആത്മസംതൃപ്തി കണ്ടെത്തുകയാണ്. സൂഷ്മഭാവത്തിൽ ഗുരുവിൽ നിന്നും ലഭിക്കുന്ന ഓജസ്സില്ലായിരുന്നുവെങ്കിൽ, ചോദനകളില്ലായിരുന്നുവെങ്കിൽ ഞാൻ എന്നേ ജഡപ്രായനാകുമായിരുന്നു. നമ്മൾ സത്യത്തെ മുറുകെ പിടിച്ചാൽ അതിശക്തമായ കൊടുങ്കാറ്റിനെ നേരിടേണ്ടിവരും. അതുകൊണ്ടാണ് സത്യത്തേയും ധർമ്മത്തേയും മുറുകെ പിടിക്കരുതെന്ന് പ്രായോഗികബുദ്ധിയുള്ളവർ ഉപദേശിക്കുന്നത്. സ്നേഹത്തിനും ആത്മാർത്ഥതക്കുമൊ

ക്കെ ഒരു പരിധിയുണ്ടാകണമെന്നാണ് അവർ നിർദ്ദേശിക്കുന്നത്. പരിധി കഴിഞ്ഞാൽ കവിക്കും കഥാകാരനും വാഴ്ത്തിസ്തുതിക്കാൻ നല്ലതാണെങ്കിലും ജീവിതത്തിൽ ചങ്ങല വീഴും. നന്നേ ത്യാഗപ്പെടേണ്ടി വരും. ഒരിക്കലും മനസ്സു മടുക്കാതെ ഉണർന്നു പ്രവർത്തിക്കാൻ കഴിയണം. മുറുക്കത്തിനല്ല, പ്രായോഗികതക്കാണ് ഗുരു പ്രാധാന്യം കൊടുക്കുന്നത്. പ്രവർത്തിച്ചെടുക്കാൻ സാധിക്കണം. സമാനചിന്താഗതിയുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കാൻ കഴിയണം. ഭാസി ധരിച്ചിരിക്കുന്ന ആ ചങ്ങല, വരുംതലമുറയിൽ എന്ന് അനീതിയോട് പ്രതികരിക്കാനുള്ള പ്രചോദനമായിത്തീരുന്നുവോ അന്നു മാത്രമേ ഭാസിക്ക് യഥാർത്ഥ ആത്മസംതൃപ്തി ലഭ്യമാകൂവെന്നു വിശ്വസിക്കുന്ന ഒരുവനാണു ഞാൻ.

എങ്കിലും സ്വന്തം ജീവിതത്തെ ചങ്ങലിക്കിട്ടുകൊണ്ടു അനീതിയോട് പ്രതികരിക്കുന്ന മറ്റൊരു യുവാവിനെ ഈ ലോകം ഇതിനു മുൻപ് കണ്ടിട്ടുണ്ടാകില്ല. അഥവാ അങ്ങനെ ചങ്ങലയിട്ടാലും രണ്ടു ദിവസത്തേക്ക് ഒരു പൊതുജന ശ്രദ്ധക്കുവേണ്ടി നടത്തുന്ന അഭ്യാസപ്രകടനം മാത്രം. ഭാസി സ്വന്തം ജീവിതത്തെയാണ് ചങ്ങലക്കിട്ടത്. എന്നിട്ട്, ഇതു പ്രതികരണമൊന്നുമല്ല ഒരാത്മ സംതൃപ്തി മാത്രമാണെന്നു വെളിപ്പെടുത്തി. ഭാസിയിലെ വ്യക്തിത്വത്തെ ഈ ലോകം അറിയാതെ പോകുന്നതു ശരിയല്ല. ഭാസിയതു ആഗ്രഹിക്കുന്നില്ലങ്കിൽ കൂടി. ആ നിസ്വാർത്ഥതയെ നമിക്കുന്നു.

ഭാസീ, ഞാൻ പറയുന്നതു ശ്രദ്ധിക്കൂ. നമ്മുടെ ചെറിയൊരു ആത്മസംതൃപ്തി പോലും ഈ ലോകത്തിന് ഒരു കടുകോളം പ്രയോജനം ചെയ്യുമെങ്കിൽ ആകട്ടേയെന്നു നാം ചിന്തിക്കണം. ഇതു ഭാസിയുടെ വ്യക്തിജീവിതത്തെ സമൂഹമദ്ധ്യത്തിൽ വലിച്ചുകീറാൻ വേണ്ടിയല്ല. അഥവാ അങ്ങനെയാണെങ്കിൽ കൂടി സാമൂഹ്യപ്രതിബദ്ധതയുള്ള ഭാസി അതു സഹിക്കണം. ദുരഭിമാനം വെടിയാൻ ഞാൻ ഭാസിയോട് അപേക്ഷിക്കുകയാണ്. ഞാൻ വിഷയം അവതരിപ്പിക്കാതെയാണ് അഭ്യർത്ഥനകൾ നിരത്തുന്നത്. ക്ഷമിക്കുക. കാര്യത്തിലേക്കു കടക്കാം. ഇതു എന്റേതു മാത്രമല്ല, എന്റെ കൂട്ടായ്മയുടെ കൂടി ഒരാഗ്രഹമാണ്. നിരസിക്കരുത്. ഭാസിയുടെ ത്യാഗച്ചങ്ങല ലോകമറിയണം.

മിക്കപ്പോഴും ഭാസി ഇവിടത്തെ നമ്മുടെ കൂട്ടായ്മയിലെ ഒരു സംസാരവിഷയമാണ്. ഭാസി അങ്ങനെ പറയുന്നുവെങ്കിലും, ധരിച്ചിരിക്കുന്ന ചങ്ങല ഭാസിക്ക് പൂർണ്ണമായ സംതൃപ്തി എല്ലായിപ്പോഴും പ്രദാനം ചെയ്യുന്നുവെന്ന് വിശ്വസിക്കാത്തവരാണ് നമ്മിൽ കൂടുതൽ പേരും. കാരണം സമൂഹത്തിൽ നില

നില്ക്കുന്ന അനീതികൾക്കൊരു മാറ്റമുണ്ടാകണമെന്നും അനീതിക്കാരെ മാതൃകാപരമായി ശിക്ഷിക്കണമെന്നും ഭാസിയുടെ മനസ്സിന്റെ നിഗൂഢതലങ്ങളിൽ ആഗ്രഹമുണ്ട്. താനതിന് അശക്തനാണെന്ന ബോധത്തിൽ നിന്നാണ് ഈ സ്വയം ചങ്ങല ധരിക്കൽ ജനിച്ചിരിക്കുന്നതെന്നാണ് ഞങ്ങളുടെ വിശ്വാസം. നീതിബോധത്തിൽ നിന്നു ജനിച്ച ഈ ചങ്ങലയെ മനുഷ്യമനസ്സുകളിലേക്കു പകരണമെന്നു നമ്മുടെ കൂട്ടായ്മ ആഗ്രഹിക്കുന്നു. അതെന്തിലൂടെയെന്നു ചിന്തിച്ചിരിക്കുമ്പോഴാണ് ഭാസിയുടെ ജീവിതം ഒരു ഷോർട്ട് ഫിലീമിൽ എന്ന ആശയവുമായി എന്റെ മകളെത്തിയത്. ഭാസിയുടെ പൂർണ്ണമായ അനുവാദത്തോടെ മാത്രമേ അതു നടപ്പിലാക്കാൻ സാധിക്കൂ. ഞാൻ തിരക്കഥ എഴുതി അയച്ചുതരാം. വിഷയം ഭാസിയുടെ ജീവിതം തന്നെ. വായിച്ചു നോക്കി ആവശ്യമുണ്ടെങ്കിൽ തിരുത്തലുകൾ നടത്തി മടക്കി അയച്ചു തരണം. ഒപ്പം ഒരു സമ്മതപത്രവും.

ആ തിരക്കഥ രചിക്കുന്നതിന് മുൻപ് ഞാൻ ഭാസിയിൽ നിന്നും നിശ്ചയമായും മനസ്സിലാക്കിയിരിക്കേണ്ട പല വസ്തുതകളുമുണ്ട്. അതു മനസ്സിലാക്കാൻ കൂടിയാണീ കത്ത്. സമൂഹത്തിന്റെ ധാർമ്മികബോധത്തിൽ സംഭവിച്ചിരിക്കുന്ന അപാകതകളാണ് ഭാസിയെ ഇന്നത്തെ സ്ഥിതിയിൽ എത്തിച്ചിരിക്കുന്നത്. ഭാസിയുടെ ജീവിതാനുഭവങ്ങളും വീക്ഷണകോണും, പ്രതികരിക്കാൻ ഭാസി തിഞ്ഞെടുത്ത മാർഗ്ഗവുമാണ് ഇവിടത്തെ വിഷയം. ഏറ്റവും വലിയ സംഭവബഹുലത, ഇതു പ്രതികരണമല്ല, ആത്മസംതൃപ്തിക്കായി ഞാൻ സ്വയം എന്നെ ചങ്ങലക്കിടുകയാണെന്ന പ്രഖ്യാപനമാണ്. സാമൂഹ്യദ്രോഹികളെ, കൈക്കൂലിപാപികളെ, വഞ്ചകന്മാരെ, അസാന്മാർഗ്ഗികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാനിവിടെ സത്യനിഷ്ടരായ നിയമപാലകരുണ്ടോ, കർശനമായ നിയമവ്യവസ്ഥകളുണ്ടോ? സ്വാധീനശക്തിയുള്ള ഈ ധനാഢ്യന്മാരെ സാധാരണക്കാർക്ക് ഒന്നു സ്പർശിക്കാൻപോലും സാധിക്കില്ലായെന്ന സ്വന്തം അനുഭവമാണ് ആദ്യം ഭാസിയെ നിരാശനാക്കിയതും പിന്നീട് സ്വയം അവരുടെ പ്രതീകാത്മകരൂപം പ്രാപിച്ചുകൊണ്ട്, ഭാസി സ്വന്തമായി ഭാസിയെത്തന്നെ ചങ്ങലയിൽ ബന്ധിച്ചതും. ഇന്ന് ഭാസിക്കാരോടും പരാതികളോ പരിഭവങ്ങളോയില്ല. ഭാസി അനുഭവിക്കുന്ന അസ്വാതന്ത്രത്തിന്റെ മുൾമുന ആ അധമന്മാർ അനുഭവിക്കുന്നതായി ഭാവന ചെയ്താണോ ഭാസി സംതൃപ്തിയടയുന്നത്?. ഭാസി ചങ്ങലയിലൂടെ അനുഭവിക്കുന്ന ആ ആത്മസംതൃപ്തിയാണ് സാധാരണ മനസ്സുകൾക്ക് അപ്രാപ്യമായ ആ അജ്ഞാത മേഖല. ഭാസി വിഭാവന ചെയ്യുന്ന ആ ആത്മസംതൃപ്തി ഏതു രൂപത്തിലാണ് ലഭിക്കുന്നതെന്ന് ഒന്നു വിശദീകരിക്കണം. ഒരു വൈരാഗിയുടെ ദാർഢ്യതയാ

യിട്ടാണോ, ഒരു നിയമപാലകന്റെ നീതി നിർവ്വഹണമായിട്ടാണോ, ഒരു കുറ്റവാളിയുടെ ബന്ധനാവസ്ഥയായിട്ടാണോ? ഭാസിയിലെ മനുഷ്യമനസ്സാക്ഷിയെ സ്പർശിക്കുന്ന ആ സ്പന്ദനം എന്തായിട്ടാണ് അനുഭവപ്പെടുന്നത്? ഈ ആത്മസംതൃപ്തിയുടെ പിന്നിൽ സാമൂഹ്യപ്രതിബദ്ധത എന്നൊന്നുണ്ടോ? മനുഷ്യമനസ്സുകളെ സന്മാർഗ്ഗത്തിലേക്കു നയിക്കാനുള്ള തന്റെ ശേഷിക്കുറവിൽ നിന്നാണോ ഈ ചങ്ങല പിറന്നത്? ഞാൻ ഭാസിയെക്കുറിച്ച് ഓർക്കുമ്പോഴൊക്കെ മനസ്സിൽ തെളിഞ്ഞു വരുന്നത് സാധാരണ ജീവിതമെന്ന സംജ്ഞയിൽ നിന്നും വ്യത്യസ്തമായി എന്തെങ്കിലുമൊന്നു സമൂഹത്തിന് എക്കാലവും ഓർക്കാനായി നൽകിയിട്ടു പോകണമെന്ന ഭാസിയുടെ ദൃഢമായ ആന്തരിക പ്രജ്ഞയാണ് **'ഭാസിയുടെ ചങ്ങല'** എന്നാണ്. ഇതാണ് ഷോർട്ട് ഫിലിമിന്റെ പേര്. ഭാസിയുടെ മാനസ്സിക വ്യാപാരങ്ങളാണു കഥാതന്തു. ഈ ചങ്ങലയെ എങ്ങനെ അവതരിപ്പിക്കണമെന്നാണ് ഞാൻ ചിന്തിച്ചു കൊണ്ടിരിക്കുന്നത്. ഭാസിയുടെ ഭവനം സ്ഥിതിചെയ്യുന്ന മലയുടെ പേര് തമ്പുരാൻ കുന്ന് എന്നാണ്. ഭാസിയാണ് ആ തമ്പുരാൻ. ജനത്തിനറിയാവുന്ന ഏക ചങ്ങല ചുടലമാടന്റേതാണ്. ഭാവനയിലെ ആ ചങ്ങല തമ്പുരാൻ കുന്നിന്റെ പാറപ്പുറത്ത് ഉരയുമ്പോഴുണ്ടാകുന്ന ഭീതി പരത്തുന്ന ഇരുമ്പിന്റെ കിലുക്കത്തിൽ നിന്നും ഭാസിത്തമ്പുരാന്റെ ധാർമ്മികചങ്ങലയിൽ നിന്നുതിരുന്ന നീതി നിർവ്വഹണകിലുക്കത്തിലേക്ക് മനുഷ്യമനസ്സാക്ഷിയെ എങ്ങനെയാണു വഴി നയിക്കേണ്ടത്? നിരന്തരമായ ചിന്തയിലാണു ഞാൻ. ഭാസിയുടെ ഈ ചങ്ങല നീതിബോധത്തിന്റെ അനേകം സത്ഭാവനകൾ വരും തലമുറയിലേക്കു പകരുമെന്നാണ് എന്റെ പ്രത്യാശ.

ഭാസിയുടെ ഈ നീതിച്ചങ്ങല പ്രതികരണശേഷി നഷ്ടപ്പെട്ടുക്കൊണ്ടിരിക്കുന്ന സമൂഹത്തിന് ഒരു നുറുങ്ങു വെട്ടമെങ്കിലും പ്രദാനം ചെയ്തില്ലങ്കിൽ ഒരു യുവാവിന്റെ ജീവിതത്തോളം ദൈർഘ്യമുള്ള ആ ത്യാഗം എരിഞ്ഞടങ്ങിയ ചിതയിലെ ചാരംപോലെ തമ്പുരാൻ കുന്നിലെ ഭ്രാന്തൻ കാറ്റിൽ പരിസര പ്രദേശത്തൊക്കയും പറന്നു നടക്കില്ലേ? അതേതെങ്കിലും നന്മയുടെ ചെടികൾക്ക് വളമാകണം.

ഇനി ഞാനൊരു കുഞ്ഞു രഹസ്യം പറയാം. ഭാസിയുടെ ചങ്ങലയെ ഓർത്തു വീർപ്പുമുട്ടിയിരുന്ന നിഷ്ക്കളങ്കയായ ആ പെൺകുട്ടിയുടെ പവിത്രമായ മനസ്സിനെ ഭാസിയുമായി ബന്ധിച്ചിരുന്ന പ്രണയച്ചങ്ങലയെ വിസ്മരിച്ചുകൊണ്ട് ഈ തിരക്കഥയെഴുതാൻ എനിക്കാകില്ല. ആ പരിശുദ്ധയുടെ പ്രണയത്തെ

അറിയാനും, സ്വീകരിക്കാനുമുള്ള അനുരക്തമായ ഒരു ഹൃദയം ഭാസിക്കുണ്ടാകില്ലെന്നറിഞ്ഞുകൊണ്ടുതന്നെ അന്ത്യംവരെയും അവളതു ഭാസിയിൽ നിന്നും മറച്ചുവച്ചു. ഒടുവിൽ അവൾ ആ സുദീർഘമായ സ്വപ്നത്തിൽ ആഴ്ന്നു പോകുന്നതുവരെ ആ വിളക്കണയാതെ സൂക്ഷിക്കാനവൾക്കായി. സ്നേഹിച്ചുപോയി എന്ന ഒറ്റക്കാരണത്താൽ കല്ലറക്കുള്ളിൽ അന്ത്യംവരെ അടച്ചിട്ടിരുന്ന അനാർക്കലിയെ ലോകമറിയും. നിരുപമമായ സ്വന്തം പ്രണയത്തെ പുറം ലോകമറിയാതെ ഹൃദയത്തിനുള്ളിൽ അടച്ചിടേണ്ടിവന്ന ഇവളുടെ നെടുവീർപ്പ് ആരറിയാൻ? ഒടുവിൽ അവിവാഹിതയായ ആ അപ്സരസ് ഒരു വിസ്മയമായി മാറുകയായിരുന്നു. ഇവളുടെ നിർമ്മല സ്നേഹത്തിന്റെ ആഴം ഈ ഫിലീമിലൂടെ വരച്ചുകാട്ടാൻ സാധിക്കാതെ പോയാൽ അത് ആത്മഹത്യാപരമായിരിക്കും. ഉപദേശിച്ചു സാധിക്കാതെ വന്നപ്പോൾ ഒരുറക്കത്തിൽ നിന്റെ ആ ചങ്ങല അറുത്തു മാറ്റണമെന്ന് ഞാൻ തീരുമാനമെടുത്തതാണ്. മൂല്യബദ്ധയായ ആ സ്നേഹനിധിയുടെ വീർപ്പുമുട്ടലായിരുന്നു ആ തീരുമാനത്തിനു പിന്നിൽ. അത് വാട്ടർലൂവിനെ കൊള്ളയടിക്കലാകില്ലേയെന്നു ചിന്തിച്ചു പിൻതിരിയുകയായിരുന്നു. ഫലമോ ആ സ്നേഹനിധി വീർപ്പുമുട്ടി മരിച്ചു. ഈ ഫിലിമിൽ, പൊഴിഞ്ഞുപോയ പനിനീർപൂവുപോലെ, ഒരു പിടി ഇതളുകൾ മാത്രം അവശേഷിപ്പിച്ചു കടന്നുപോയ പവിത്രമായ ആ പ്രണയ കവിതക്ക്, ഒരു വലിയ സ്ഥാനമുണ്ട്. ആ ആത്മാവിനോട് എന്റെ മനസ്സ് പ്രതിജ്ഞാബദ്ധമായിരിക്കുന്നതിനാൽ ആ സ്നേഹസാഗരത്തിന്റെ പേരു വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. നീ അനുവദിക്കുന്നുവെങ്കിൽ മാത്രമേ ആ ആഴക്കടലിന്റെ അഗാധസ്പർശം ഈ ഫിലിമിലുണ്ടാകൂ. അറിയിക്കണം. അക്കാരണത്താൽ ഇതു നിരസിക്കയും അരുത്.

ഇനി തന്റെ സ്വകാര്യജീവിതത്തെ ജനമദ്ധ്യത്തിൽ അവതരിപ്പിക്കാൻ നീ ആഗ്രഹിക്കുന്നില്ലന്നുണ്ടോ? ഞാനൊരിക്കലും നിർബന്ധിക്കില്ല. പക്ഷെ നീ നിശ്ചയമായും ഉത്തരം നൽകണം. എന്തിനുവേണ്ടി നീ ഈ ചങ്ങല ധരിച്ചു? എന്നാണ് ഈ ചങ്ങലജീവിതത്തിന്റെ അവസാനം. അതിനു കഴിയുന്നില്ലെങ്കിൽ, എന്നെ നിന്റെ പ്രതീകാത്മകരൂപമായി പരിഗണിച്ചുകൊണ്ടു കുറച്ചു കാലത്തേക്ക് നീ ആ ചങ്ങല എനിക്കു തരണം. സ്വീകരിക്കുന്നതിനു മുൻപ് ചില കാര്യങ്ങൾ കൂടി അറിയണം. നിന്റെ ഈ ചങ്ങലജീവിതത്തിൽ എപ്പോഴെങ്കിലും ഒറ്റപ്പെടൽ അനുഭവപ്പെട്ടിട്ടുണ്ടോ? മറ്റാരെങ്കിലും അനുഭാവം രേഖപ്പെടുത്തിക്കൊണ്ടു സ്വയം ചങ്ങല ധരിച്ച് ഭാസിയോടൊപ്പം ചേരാൻ മുന്നോട്ടു വന്നിട്ടുണ്ടോ? ഈ ചങ്ങലജീവിതമെന്ന ആശയം തെറ്റായിപ്പോയി എന്നു ചിന്തിച്ച ഏതെങ്കിലുമൊരു നിമിഷം?

ചങ്ങല ഞാൻ സ്വീകരിച്ചു കഴിഞ്ഞാൽ എന്റെ മുന്നിൽ വക്കാൻ പ്രത്യേക നിബന്ധനകളെന്തെങ്കിലും? തിരികെ വേണമെന്നു തോന്നുമ്പോൾ ആവശ്യപ്പെട്ടു. മടക്കിത്തരാം. ചതിക്കില്ല. ഞാനുമൊരല്പകാലം ആത്മസംതൃപ്തി അനുഭവിച്ചോട്ടെ ഭാസീ. കാലതാമസം വരുത്താതെ ഒരു മറുപടി അയക്കുമെന്ന പ്രത്യാശയോടെ.

എൻ.അബു. ശാന്തിഗിരി പി.ഒ.

മുകളിൽ കാണുന്ന കത്ത് ഞാൻ ശ്രീ.ഷാജി വശം ഭാസിക്ക് നൽകാനായി കൊടുത്തയച്ചു.

ഞാൻ ഭാസിക്ക് കൊടുത്തയച്ച കത്ത് പതിനെട്ടാമത്തെ ദിവസം കവറിനു മുകളിൽ ഒരടിക്കുറിപ്പോടെ തപാലിൽ മടങ്ങി വന്നു. അടിക്കുറിപ്പ് താഴെ കൊടുക്കുന്നു.

അബുവേട്ടന്,

കത്തുമായി ഞാനവിടെപ്പോയി. അല്പം വൈകിപ്പോയി. ഒരാഴ്ചക്കു മുൻപ് ആ ദൃഢനിശ്ചയൻ മരിച്ചുപോയതായി നാട്ടുകാർ പറഞ്ഞറിഞ്ഞു. ന്യുമോണിയ ആയിരുന്നു. ഹോസ്പിറ്റലിൽ പോകാൻ എത്ര നിർബന്ധിച്ചിട്ടും വഴങ്ങിയില്ല. ചങ്ങല അറുത്തുമാറ്റി കൊണ്ടുപോകാൻ ആരും ധൈര്യപ്പെട്ടതുമില്ല. വളരെ ശാന്തമായി അദ്ദേഹം മരണം സ്വയം സ്വീകരിക്കയായിരുന്നു.

വേദനയോടെ ഷാജി.

ഇപ്പോഴും ആ ക്ലാസ്സ്റൂമിലെ നെടും തൂണിനോട് ചേർന്ന് രക്തക്കറ പുരണ്ട ഭാസിയുടെ ആ ത്യാഗചങ്ങല അവിടെ ഒറ്റപ്പെട്ടു കിടക്കുന്നുണ്ടാകുമോ?